# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.702 — 28.02.2018 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ വന്യജീവികളുടെ അക്രമത്തിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ വന്യജീവികളുടെ ആക്രമണത്തിൽ 54 പേരും, പാമ്പുകടിയേറ്റ് 171 പേരും (ആകെ 225 പേർ) മരണപ്പെട്ടിട്ടുണ്ട്. 1453 പേർക്ക് പരിക്കേറ്റിട്ടുണ്ട്. |
| (ബി) ഇതിന് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ആയത് എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്; | (ബി) ഇതിന് നഷ്ടപരിഹാരമായി ഇതുവരെ 6,01,87,911/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് 1303 പേർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 01.08.2016 മുതൽ വന്യജീവി ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള അപേക്ഷ ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ ആയിട്ടാണ് സ്വീകരിക്കുന്നത്. നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ